# മാറ്റക്കണ്ണാടി

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

## ആര്

ആരെന്നും
ആർക്കെന്നും
ആർക്കറിയാം?

അടുത്ത് എരിയുന്ന അടുത്ത സത്യം
കുരുടന്റെ ആനദൃഷ്ടാന്തത്തിലെ
കുന്തമുനക്കൊമ്പും ഗാത്രസ്ഥൂലതയും
ഉയിരറിവിൽ തൂവൽ മുക്കി
മൃഗമാതൃകയെ വെല്ലുവിളിക്കുന്നു.
സാദൃശ്യാദൃശ്യതയുടെ വരപ്പിൽ
സാജാത്യവൈജാത്യങ്ങളുടെ വിരിപ്പിൽ
ഉള്ളിലരിപ്പ് മലർന്ന് തുപ്പുന്നു.

ഉമിനീരിലെ ദഹനരസക്കടലിൽ
അലിഞ്ഞടിഞ്ഞ സംസ്കൃതി പോലെ
അടിത്തട്ടിലെ അഭ്രപാളിയിൽ
ആരെ കണ്ടെത്തുന്നു –
അന്വേഷണ വിഹ്വലതയുടെ
ആരവമില്ലാതെ,
കാണിക്കൂട്ടരുടെ
നിവർന്നുനിന്ന് കൈക്കൂപ്പുന്ന
കയ്യടിക്കയ്യാങ്കളി ഇല്ലാതെ,
നീലയും ചുമപ്പും
മുറിച്ചു മാറ്റപ്പെട്ട
പ്രകാശകണം കണക്കെ.

ആര്
ആരെന്നും
ആർക്കെന്നും

ആർക്കറിയാം?

കണ്ണാടി പരസ്പരം കൈമാറുന്നു
കാണുന്നതോ അതേ ദുർമുഖം!
*******************************************************************